കാർ വാങ്ങുന്നതിന് വായ്പ

* 72 (290) ശ്രീ. എം. കെ. ദിവാകരൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കാർ വാങ്ങുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചത് എന്നുമുതൽക്കാണ്;

(ബി) 1967–68, 68–69 എന്നീ വർഷങ്ങളിൽ എത്ര തുക അനുവദിച്ചു;

(സി) ഈ പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ) :

(എ) എന്നു മുതൽ ആരംഭിച്ചു എന്ന വിവരം കൃത്യമായി പറയുവാൻ വിഷമമാണ്. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനു മുൻപ് തന്നെ തിരുവിതാംകൂറിലും, കൊച്ചിയിലും തിരു–കൊച്ചിയിലും ഈ പദ്ധതി നിലവിൽ ഉണ്ടായിരിന്നു.

(ബി) 1967–68 –11,76,596 രൂപ.
1968–69 – 24,62,235 രൂപ.

(സി) ഉണ്ട്.

UNSTARRED QUESTIONS AND ANSWERS

അഡീഷണൽ ഡയറക്ടർ പദവി

35 (281) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള:

താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ഡയറക്ടർ പദവി വഹിച്ചിരുന്ന ആൾ സർവ്വീസിൽ നിന്നും അവധി എടുത്തു പോകുവാൻ കാരണമെന്താണ്?

ഉത്തരം

പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ഡയറക്ടർ 25–10–1969 മുതൽ പത്തൊൻപതു ദിവസത്തേയ്ക്ക് വ്യക്തിപരമായ കാരണങ്ങളാലും തുടർന്ന് 35 ദിവസത്തേയ്ക്ക് ആരോഗ്യപരമായ കാരണങ്ങളാലും അവധിയിൽ പ്രവേശിച്ചിരുന്നു. 18–12–1969–ൽ അദ്ദേഹം ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

ഹയർ പർച്ചേസ്

36 (284) ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിൽ സാധനസാമഗ്രികൾ വിതരണം ചെയ്യുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിലേക്ക് വല്ല സ്കീമും ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) പൊതുമേഖലയിൽ ചിട്ടി കുറി ഇവ നടത്തുന്നതിനും ഇൻഷ്വറൻസ്, ഹയർ പർച്ചേസ് സ്കീമുകളും നടത്തുന്നതിനും വേണ്ടി ഗവൺമെൻറുടമയിൽ ദി കേരള സ്റേറേറ്റ് ഫിനാൻഷ്യൽ എൻറർ പ്രൈസസ് ലിമിറഡ് എന്ന നാമത്തിൽ, ഒരു കമ്പനി 6–11–69–ൽ രജിസ്റർ ചെയ്തു, 2–12–68 മുതൽ (തൃശ്ശൂർ ആസ്ഥാനമാക്കി) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽപറഞ്ഞ സ്കീമുകൾക്ക് പൂർണ്ണരൂപം നൽകേണ്ടതും നടപ്പാക്കേണ്ടതും ഈ കമ്പനിയാണ്.

37. [286] ശ്രീ. എൻ. കണപതി: കീഴ് കാണും വിഷയത്തിന്മേൽ ധനകാര്യ മന്ത്രി അവർകൾ ദയവു പൂർവ്വം അറിയിക്കുമോ:

(എ) പള്ളിവാസൽ എസ്റേറ്റിനടുത്ത നേഷണൽ കോൺഗ്രസ് കുറുപ്പ് തലവരാണ മാറിറ്റിന്റെ ടി. കുഞ്ഞാ എന്നവർ 19 നവംബർ 1969 തിയതിയിട്ടു 1967–68-ം ആണ്ടിൽ എസ്. റ്റിറ്റി. പുതിയ അക്കൗണ്ടുകൾ കൂടുതലായി വാങ്ങിക്കൊടുത്തതുമൂലം തനിക്കു ലഭിക്കേണ്ടിയിരുന്ന നാഷണൽ കോൺഗ്രസിന്റെ മൂന്നാർ പഞ്ചായത്തു അവാർഡു കിട്ടാതെ പോയി എന്നു കാണിച്ചു കോട്ടയം മാവട്ട കലക്ടറുടെ അടുക്കൽ അയച്ചിട്ടുള്ള പരാതിയിന്മേൽ എന്തു നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നു അറിയിക്കുമോ;

(ബി) പ്രസ്തുത പരാതിയിൽ പറയുന്നതുപോലെ 27–11–1969 തീയതി കോട്ടയത്തു വച്ചു നടന്ന കുറുപ്പ് തലവരുടെ യോഗത്തിൽ വച്ചു ഈ അവാർഡു കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനടി അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറുപ്പ് തലവന്മാർക്കു 27–11–1969 തീയതി കോട്ടയം റോട്ടറി ക്ലബ്ബിൽവച്ചു ഇതിനുവേണ്ടി കൂട്ടിച്ചേർത്ത യോഗത്തിൽ നൽകുന്നതിനായുള്ള ചെക്കുകൾ അയച്ചുതരുന്നതിനു മൂന്നാർ പഞ്ചായത്തു പ്രസിഡൻറിനെ കോട്ടയം കലക്ടർ അറിയിച്ചിട്ടുള്ളതായി കോട്ടയം കലക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും പണം വാങ്ങുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ ശ്രീ. മാർട്ടിന്റെ ടി. കുഞ്ഞാവിന് 27–11–1969 അന്നു പണം നൽകിയിട്ടില്ല. അനുമതി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. മൂന്നാർ പഞ്ചായത്തിലെ കുറുപ്പ് തലവന്മാർക്കുള്ള ചെക്കുകൾ കോട്ടയം കലക്ടർ 9–1–1970 അന്നു കൈപ്പറ്റിയിട്ടുണ്ട്.

(സി) കോട്ടയം റോട്ടറി ക്ലബ്ബിൽ കൂടിയിരുന്ന ഒരു പൊതുയോഗത്തിൽ വച്ചു കുറുപ്പ് തലവന്മാർക്കു പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

38 (295) ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:

താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പെൻഷൻ കാരുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly